# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

( Reg.No. 01-14/87- Aff. 10485 )
**V.P. MARAKKAR SMARAKA MANDIRAM**
**AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001**
Phone: 0471-2471087, Fax: 0471-2471087
Email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P | SIBYKUTTY FRANCIS | V. GOPAKUMAR |


KEEC/GL/2015

തിരുവനന്തപുരം
04-05-2015

സ്വീകർത്താവ്

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം: ഡ്യൂട്ടിക്കിടയിൽ അപകട മരണം - ഹോസ്പിറ്റൽ ചിലവ് ലഭ്യമാക്കുന്നത് സംബന്ധിച്ച്.**

മോഡൽ സെക്ഷൻ ഏർപ്പെടുത്തിയതിനുശേഷം KSEB Ltd ൽ ഇലക്ട്രിക്കൽ അപകടം മൂലമുള്ള മരണ നിരക്കുകൾ വർദ്ധിച്ചിരിക്കുകയാണ്. ഗ്രാമീണ മേഖലകളിലും സെമി അർബൻ മേഖലകളിലുമാണ് അപകടങ്ങൾ കൂടുതൽ സംഭവിച്ചിരിക്കുന്നത്. ഈ മേഖലകളിൽ മോഡൽ പരിഷ്ക്കാരം നിർത്തലാക്കണമെന്ന് കോൺഫെഡറേഷൻ പല പ്രാവശ്യം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഇതുവരെയും ബോർഡ് തലത്തിൽ നിന്ന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുന്നവർക്ക് ബോർഡിൽ നിലവിലുള്ള നിയമം അനുസരിച്ച് ഏത് ആശുപത്രിയിൽ ചികിത്സിച്ചാലും മുഴുവൻ ചെലവും യാതൊരു കുറവുമില്ലാതെ ലഭിക്കും. അപകടത്തിൽപ്പെടുന്നവരുടെ ആശുപത്രി ചെലവിനുവേണ്ടി മെഡിക്കൽ അഡ്വാൻസ് നൽകാറുണ്ട്. വിവിധ ഓഫീസ് മേധാവികൾ പരിശോധിച്ച് അഡ്വാൻസ് പാസ്സായിവരുന്ന സമയത്തിനുള്ളിൽ അപകടത്തിൽപ്പെട്ട വ്യക്തി മരണമടയുന്ന സാഹചര്യം പലപ്പോഴും ഉണ്ടാകാറുണ്ട്.

അപകടത്തിൽപ്പെട്ട വ്യക്തി മരണമടഞ്ഞതിനാൽ പാസ്സായതാണെങ്കിൽപോലും അഡ്വാൻസ് തുക നൽകാൻ ഓഫീസർമാർ വിസമ്മതിക്കാറുണ്ട്. ആശുപത്രി ബിൽ അടയ്ക്കാത്തതിനാൽ മൃതശരീരം ആശുപത്രിയിൽ നിന്നും ഏറ്റുവാങ്ങാൻ ബുദ്ധിമുട്ടുന്ന സഹപ്രവർത്തകരുടെ പരിതാപകരമായ അവസ്ഥ പരിഗണിക്കുവാൻ നിലവിൽ ബോർഡിൽ നിയമങ്ങളൊന്നുമില്ല.

ആയതിനാൽ ഡ്യൂട്ടിക്കിടയിൽ അപകടം സംഭവിക്കുകയും ആശുപത്രിയിൽ വച്ച് മരണം ഉണ്ടാവുകയും ചെയ്യുന്ന ജീവനക്കാരുടെ മെഡിക്കൽ അഡ്വാൻസിന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ (മരണം സംഭവിച്ചുവെങ്കിലും) ആശുപത്രി ബില്ലിന് തുല്യമായ തുക അപ്പോൾതന്നെ പാസ്സാക്കി ആശുപത്രിക്ക് നേരിട്ട് ചെക്ക്/ക്യാഷ് വളരെ പെട്ടെന്ന് ലഭ്യമാക്കി ആശുപത്രിയിൽ എത്തിക്കാൻ ജീവനക്കാരൻ ജോലി ചെയ്യുന്ന ARU മേധാവിയെ പ്രത്യേകം ചുമതലപ്പെടുത്തിക്കൊണ്ടുള്ള ബോർഡ് ഉത്തരവ് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി